# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1725 — 04.12.2018-ൽ മറുപടിയ്ക്ക്.

## ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രത്യേക ഭിന്നശേഷി ഗ്രാമസഭകൾ/ വാർഡ് സഭകൾ

| ചോദ്യം<br><br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി വിളിച്ചുചേർക്കുന്ന പ്രത്യേക ഭിന്നശേഷി ഗ്രാമസഭകൾ/ വാർഡ് സഭകൾ വേണ്ട രീതിയിൽ അറിയിക്കാത്തതുകൊണ്ടും പങ്കാളിത്തം ഉറപ്പാക്കാത്തതു കൊണ്ടും ഭിന്നശേഷി സൗഹൃദമല്ലാത്ത ഇടങ്ങളിൽ സംഘടിപ്പിക്കുന്നതുകൊണ്ടും തങ്ങളുടെ ആവശ്യങ്ങൾ വേണ്ടവിധം ഉന്നയിക്കാനും നേടിയെടുക്കാനും കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്; ഇത്തരത്തിലുള്ള പരാതികൾ വളരെ ചുരുക്കം ചില സ്ഥലങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) | ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി കൃത്യമായി അറിയിപ്പ് നേരത്തേ തന്നെ പ്രസിദ്ധീകരിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സംഘടനകളുമായി ബന്ധപ്പെട്ട് സംഘടനാംഗങ്ങൾക്ക് അറിയിപ്പ് നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ അംഗൻവാടി പ്രവർത്തകർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ മുഖേന അറിയിപ്പ് നൽകുന്നതിനും ഭിന്നശേഷി സൗഹൃദമായതും വാഹന സൗകര്യം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ വച്ച് ഗ്രാമസഭ നടത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ